സെക്ഷൻ ഫാറസ്റ്റരുടെ പേരിൽ പരാതി.

146. [16] ശ്രീ. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാറ്റൂർ ഡിവിഷൻ തൊടുപുഴ റെയിഞ്ചിൽ അറക്കളം സെക്ഷൻ ഫാറസ്റ്റർ ജോസഫ് കുഞ്ഞിന്റെ പേരിൽ വല്ല പരാതിയും ഇതിനകം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടു് ;

(സി) തത് ഫലമായി ഗവണ്മെൻറ് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ;

(ഈ) ഇദ്ദേഹത്തെ ഇതിനു മുൻപു് വല്ല കുറ്റങ്ങളും ചെയ്തിട്ടുള്ളതിന്റെ ഫലമായി ശിക്ഷ നൽകിയിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഏഴു് (7) പരാതികൾ ലഭിച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) പരാതികളെപ്പറ്റി അന്വേഷണം പൂർത്തിയായിട്ടില്ല. ടിയാനെ ഇപ്പോൾ മലയാറ്റൂർ ഡിവിഷനിൽനിന്നും സ്ഥലം മാറ്റി പ്ലാനിംഗ് സർക്കിളിൽ നിയമിച്ചിരിക്കുന്നു.

(ഈ) ഉണ്ടു്. 6-7-52-മുതൽ 19-8-52 വരെ സസ്പെൻഷനിൽ ആയിരുന്നു.

കാൺഗ്രസ്സു് പ്രസിഡൻറു്-തിരുവിതാംകൂർ-കൊച്ചി സന്ദർശനം.

147. [17] ശ്രീ. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാൺഗ്രസ്സു് പ്രസിഡൻറു് ശ്രീ. ധേബാറിന്റെ തിരുവിതാംകൂർ-കൊച്ചി സന്ദർശനം പ്രമാണിച്ചു് ഈ സ്റ്റേറ്റിൽ നിന്നും ആകെ എത്ര രൂപ ചെലവായിട്ടുണ്ടു് ?

ഉത്തരം.

കാൺഗ്രസ്സു് പ്രസിഡൻറു് ശ്രീ. ധേബാറിന്റെ തിരുവിതാംകൂർ-കൊച്ചി സന്ദർശനം പ്രമാണിച്ചു് ഈ ഗവണ്മെൻറിനു് യാതൊരു രൂപയും ചെലവായിട്ടില്ല.

ശ്രീമൂലനഗരം ഗവണ്മെൻറു് പ്രൈമറിസ്കൂൾ കെട്ടിടം.

148. [18] ശ്രീ. കെ. പി. ഹോർമ്മിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീമൂലനഗരം ഗവണ്മെൻറു് പ്രൈമറിസ്കൂൾ വാടക കെട്ടിടത്തിലാണോ നടത്തിക്കൊണ്ടിരിക്കുന്നതു് ;

LIBRARY ARCHIVES Kerala Legislative Assembly